## 2. വകുപ്പിന്റെ ദൗത്യവും, ലക്ഷ്യവും

**2.1.** ദൗത്യം.

ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ പുറത്തിറങ്ങുന്ന വ്യവസ്ഥകൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വെള്ളക്കെട്ടായ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മെച്ചപ്പെട്ട ജലഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന് ഞങ്ങൾ ബാദ്ധ്യസ്ഥരാണ്.

**2.2.** ലക്ഷ്യം.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുന്നതിനായി ഞങ്ങൾ നടത്തുന്ന പരിശ്രമം ആത്മാർത്ഥവും, സുതാര്യവും, സമഗ്രവും കാര്യക്ഷമവുമായിരിക്കും. വകുപ്പിന്റെ സേവനം ഉപയോഗിക്കുന്ന ഓരോ പൗരന്റെയും സുരക്ഷ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ആയത് പരിപൂർണ്ണ മായി നിർവ്വഹിക്കാൻ ഞങ്ങൾ യത്നിക്കുന്നു.